**HADIA CSE Khutba Notes (07.07.2017)**

# മക്കൾ സ്വാലിഹീങ്ങളാകാൻ (ഒന്ന്)

കഴിഞ്ഞ ദിവസം മദ്റസകൾ തുറന്നു പ്രവർത്തിക്കുകയും 12 ലക്ഷത്തിലധികം വിദ്യാർത്ഥികൾ അങ്ങോട്ട് പോയിത്തുടങ്ങുകയും ചെയ്തു. എന്തിനാണ് നാം നമ്മുടെ മക്കളെ ഏറെ പണിപ്പെട്ട് മതപഠനശാലകളിലേക്കയക്കുന്നത്? ഒറ്റവാക്കിൽ പറയാം, അവർ നമുക്കും നാടിനും കുടുംബത്തിനും ഉപകാരപ്പെടുന്ന നല്ല മക്കളായി വളരാൻ. എന്നാൽ, കേവലം മദ്റസയിൽ അയച്ചതുകൊണ്ട് മാത്രം കുട്ടികൾ നല്ലവരായി മാറുമോ? ഇല്ല. അതിന് വേറെയും ഒരുപാട് കാര്യങ്ങൾ രക്ഷിതാക്കളായ നാം ശ്രദ്ധിക്കേണ്ടതുണ്ട്. അവയെ സൗകര്യപൂർവം നമുക്ക് മൂന്നായി തരം തിരിക്കാം. ഒന്ന്, കുട്ടികൾ ഉണ്ടാകുന്നതിന് മുമ്പ് ശ്രദ്ധിക്കേണ്ടവ. രണ്ട്, കുട്ടികൾ ഉണ്ടാകുമ്പോൾ ശ്രദ്ധിക്കേണ്ടവ. മൂന്ന്, ഉണ്ടായതിനു ശേഷമുള്ള വളർച്ചാഘട്ടത്തിൽ ശ്രദ്ധിക്കേണ്ടവ. ഇവ മൂന്നിലും പെട്ട ചില സുപ്രധാനമായ കാര്യങ്ങളാണ് ഇനി നാം ചർച്ചചെയ്യുന്നത്. ഒന്നാമതായി സന്താന സൗഭാഗ്യം ലഭിക്കുന്നതിന് മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. ഇവ പ്രധാനമായും നാലെണ്ണമാണ്. ഒന്ന്, നമ്മുടെ ഇണ അല്ലെങ്കിൽ കുട്ടികളുടെ മാതാവ് സദ്‌വൃത്തയും സദ്സ്വഭാവിയും ആയിരിക്കുക. നാം നന്നാവുന്നതിനെക്കാൾ പ്രധാനമാണ് കുട്ടികളുടെ ഉമ്മ നല്ലവളാകുന്നത്. കാരണം, ഇണകൾ കൃഷിയിടങ്ങളാണ് (ബഖറ 223). നല്ല ഭൂമിയിൽ നിന്നാണ് നല്ല വിളകൾ ലഭിക്കുക (അഅ്റാഫ് 58). അവിടന്ന് പഠിപ്പിക്കുന്നു:

عَـنْ عَائِشَـةَ رَضِـىَ اللَّـهُ عَنْهَـا قَالَـتْ قَـالَ رَسُـولُ اللَّـهِ –صـلى الله عليـه وسـلم– :« تَخَيَّـرُوا لِـنُطَفِكُمْ وَأَنْكِحُـوا الأَكْفَـاءَ وَأَنْكِحُـوا إِلَـيْهِمْ » (بيهقي) عـن أبي سعيد أن النبي صـلى الله عليـه وسـلم قـال :"إيـاكم وخضـراء الـدمن! قيـل يـا نبـي الله! ومـا خضـراء الـدمن؟ قـال: المـرأة الحسـنى فـي المنبـت السـوء (ديلمـي و الـدارقطني) قـال بعض العرب لا تنكحوا من النساء ستة لا أنانة ولا منانة ولا حنانة ولا تنكحوا حداقة ولا براقة ولا شداقة

أمـا الأنانـة فهـي التـي تكثـر الأنـين والتشـكي والمنانـة التـي تمـن علـى زوجهـا فتقـول فعلـت لأجلـك كـذا وكـذا والحنانـة التـي تحـن إلـى زوج آخـر والحداقـة التـي ترمـي إلـى كـل شـيء بحـدقتها فتشـتهيه وتكلـف الـزوج شـراءه والبراقـة أن تكـون طـول النهـار فـي تصـقيل وجههـا وتزيينـه ليكـون لوجههـا بريـق والشـداقة المتشـدقة الكثيـرة الكلام (احياء علوم الدين)

കുട്ടികളുടെ ഒന്നാമത്തെ പാഠശാലയാണ് ഉമ്മ. ഒരു കവി ഉദ്ഘോഷിക്കുന്നു:

ولم أر للخلائق من محلٍّ
يُهذِّبها كحِضن الأمهات
واخلاقُ الوليدِ تقاس حسناً
باخلاق النساءِ الوالداتِ
وليس ربيبُ عاليةِ المزايا
كمثل ربيب سافلة الصفات
وليس النبت ينبت في جنانٍ
كمثل النبت ينبت في الفَلاة

## മക്കൾ സ്വാലിഹീങ്ങളാകാൻ (ഒന്ന്)

ഉമ്മമാരുടെ ശിക്ഷണത്തിലൂടെ മഹാന്മാരായ ഒരുപാട് ആളുകളെ നമുക്ക് ചരിത്രത്തിൽ കണ്ടെത്താൻ സാധിക്കും. ഉദാഹരണത്തിന് മൂസാ നബി(അ), ഈസാനബി(അ), ധീരയായ സ്വഫിയ്യ ബിൻത് അബ്ദിൽ മുത്ത്വലിബിന്റെ മകൻ സുബൈർ ബിൻ അവ്വാം(റ). അവരുടെ ധീരതയുടെ ഒരു ഉദാഹരണം നോക്കുക. സഹോദരൻ ഹംസ(റ) ഉഹ്ദിൽ ഷഹീദ്രവധം ചെയ്യപ്പെട്ടപ്പോൾ മകനടക്കമുള്ളവർ അവരെ മയ്യിത്ത് ദർശിക്കുന്നതിൽ നിന്ന് തടഞ്ഞു.

فلما وقف ابنها يعترضها قالت: دونك لا أرض لك لا أم لك. فكر راجعاً إلى رسول الله"فحدثه حديث أمِّه فقال: خلِّ سبيلها. ثم انفرجت صفوف الناس لعمة رسول الله"فسارت حتى أتت أخاها فنظرت إليه، فصلت واسترجعت، واستغفرت له، وقالت لابنها: قل لرسول الله لأحتسبن، ولأصبرن إن شاء الله.

ഹിന്ദിന്റെ മകൻ മുആവിയ(റ).

وقد قيل لها ومعاوية وليد بين يديها: إن عاش ساد قومه. قالت: ثكلته إن لم يسد إلا قومه. وكان معاوية إذا نوزع انتسب إلى أمه، فصدع أسماع خصمه بقوله: أنا ابن هند.

അസ്മാഅ് ബീവി(റ)യുടെ മകൻ ഇബ്നുസുബൈർ(റ).

وقد نعي ابنها عبد الله: ما يمنعني وقد أهدي رأس يحيى بن زكريا إلى بغي من بغايا بني إسرائيل. وهي القائلة أيضاً قبل ذلك عندما استشارها ابنها عبد الله بن الزبير في قتال الحجاج: اذهب والله لضربة بالسيف على عزٍّ أفضل من ضربة بالسوط على ذل.

ഉമറി(റ)ന്റെ പേരക്കുട്ടിയായ ഉമ്മുആസിമിന്റെ മകൻ ഉമർ ബിൻ അബ്ദിൽ അസീസ്(റ), ഇമാം ശാഫിഈ(റ), ശൈഖ് ജീലാനി(റ), സുഫ്‌യാനുസ്സൗരി(റ).

قالت أم سفيان لسفيان: يا بني: اطلب العلم وأنا أكفيك بمغزلي.

فكانت رحمها الله تعمل وتقدم له ليتفرغ للعلم، وكانت تتخوله بالموعظة والنصيحة؛ قالت له ذات مرة يا بني إن كتبت عشرة أحرفٍ فانظر هل ترى في نفسك زيادة في خشيتك وحلمك ووقارك، فإن لم ترَ ذلك فاعلم أنها تضرك ولا تنفعك.

മക്കളുടെ വളർച്ചയിൽ മാതാക്കൾക്കുള്ള സ്വാധീനമാണ് ഇവ നമ്മെ പഠിപ്പിക്കുന്നത്. ഒരിക്കൽ അബുൽ അസ്‌വദിദ്ദുവലി തന്റെ മക്കളോട് പറഞ്ഞു:

قد أحسنت إليكم صغارًا وكبارًا، وقبل أن تولدوا، قالوا: وكيف أحسنت إلينا قبل أن نولد. قال: اخترت لكم من الأمهات مَنْ لا تُسَبُّون بها.

وأنشد الرياشي:

فأول إحساني إليكم تَخَيُّري

## മക്കൾ സ്വാലിഹീങ്ങളാകാൻ (ഒന്ന്)

**لماجدة الأعراق بادٍ عفافُها**

രണ്ട്, സ്വയം ഹലാൽ മാത്രം ഭക്ഷിക്കുകയും ഭാര്യയെയും മക്കളെയും ഹലാൽ മാത്രം ഭക്ഷിപ്പിക്കുകയും ചെയ്യുക. ഹറാമായ ഭക്ഷണത്തിൽ നിന്ന് നല്ല കർമങ്ങളോ (മുഅ്മിനൂൻ 51) സന്താനങ്ങളോ ഉണ്ടാവുക അസാധ്യമാണ്. ഹറാമിൽ നിന്ന് എന്ത് മുളച്ചുണ്ടായാലും അവയൊക്കെ നരകത്തിലേക്കുള്ളതാണെന്നാണ് അവിടന്ന് പഠിപ്പിച്ചത് (ബൈഹഖി). എന്ത് ഭക്ഷിക്കുമ്പോഴും ബിസ്മി ചൊല്ലിയിരിക്കണമെന്ന കൽപനയുടെ പിന്നിലെ യുക്തി ഇപ്പറഞ്ഞതാണ്. നിഷിദ്ധമായത് കഴിക്കുമ്പോൾ അല്ലാഹുവിന്റെ നാമം കൊണ്ടാവാൻ പാടില്ലല്ലോ. രണ്ട് സംഭവങ്ങൾ ശ്രദ്ധിക്കുക. *(കുട്ടികളുടെ സ്വലാഹിയ്യത്തും ഹലാലായ ഭക്ഷണവും തമ്മിലുള്ള ബന്ധം ഇവിടെ പറഞ്ഞ് ഫലിപ്പിക്കണം.)*

**" أَمْسَى دَاوُدُ عَلَيْهِ السَّلَامُ صَائِمًا، فَلَمَّا كَانَ عِنْدَ إِفْطَارِهِ أُتِيَ بِشَرْبَةِ لَبَنٍ، فَقَالَ: مِنْ أَيْنَ لَكُمْ هَذَا اللَّبَنُ ؟ قَالُوا: مِنْ شَاتِنَا قَالَ: وَمَنْ أَيْنَ ثَمَنُهَا ؟ قَالُوا: يَا نَبِيَّ اللهِ، مِنْ أَيْنَ تَسْأَلُ ؟ قَالَ: إِنَّا مَعَاشِرَ الرُّسُلِ، أُمِرْنَا أَنْ نَأْكُلَ مِنَ الطَّيِّبَاتِ وَنَعْمَلَ صَالِحًا "** (شعب الايمان) **كُنَّا عِنْدَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَهُوَ يَقْسِمُ تَمْرًا مِنْ تَمْرِ الصَّدَقَةِ وَالْحَسَنُ بْنُ عَلِيٍّ فِي حِجْرِهِ فَلَمَّا فَرَغَ حَمَلَهُ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَى عَاتِقِهِ فَسَالَ لُعَابُهُ عَلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَرَفَعَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ رَأْسَهُ فَإِذَا تَمْرَةٌ فِي فِيهِ فَأَدْخَلَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَدَهُ فَانْتَزَعَهَا مِنْهُ ثُمَّ قَالَ أَمَا عَلِمْتَ أَنَّ الصَّدَقَةَ لَا تَحِلُّ لِآلِ مُحَمَّدٍ** (احمد)

മൂന്ന്, സ്വാലിഹീങ്ങളായ സന്താനങ്ങൾ ലഭിക്കാൻ എപ്പോഴും പ്രാർത്ഥിച്ച് കൊണ്ടിരിക്കുക.

**وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا** (الفرقان) **وقال الحسن البصري –وسئل عن هذه الآية –فقال: أن يُري الله العبد المسلم من زوجته، ومن أخيه، ومن حميمه طاعة الله. لا والله ما شيء أقر لعين المسلم من أن يرى ولدا، أو ولد ولد، أو أخا، أو حميما مطيعا لله عز وجل. رَبِّ هَبْ لِي مِنَ الصَّالِحِينَ فَبَشَّرْنَاهُ بِغُلَامٍ حَلِيمٍ فَلَمَّا بَلَغَ مَعَهُ السَّعْيَ قَالَ يَا بُنَيَّ إِنِّي أَرَى فِي الْمَنَامِ أَنِّي أَذْبَحُكَ فَانْظُرْ مَاذَا تَرَى قَالَ يَا أَبَتِ افْعَلْ مَا تُؤْمَرُ سَتَجِدُنِي إِنْ شَاءَ اللَّهُ مِنَ الصَّابِرِينَ** (الصافات) **الْحَمْدُ لِلَّهِ الَّذِي وَهَبَ لِي عَلَى الْكِبَرِ إِسْمَاعِيلَ وَإِسْحَاقَ إِنَّ رَبِّي لَسَمِيعُ الدُّعَاءِ رَبِّ اجْعَلْنِي مُقِيمَ الصَّلَاةِ وَمِنْ ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ** (سورة ابراهيم) **هُنَالِكَ دَعَا زَكَرِيَّا رَبَّهُ قَالَ رَبِّ هَبْ لِي مِنْ لَدُنْكَ ذُرِّيَّةً طَيِّبَةً إِنَّكَ سَمِيعُ الدُّعَاءِ** (ال عمران)

നാല്, സംസർഗ്ഗത്തിന്റെ സമയത്ത് ഇസ്‌ലാം പഠിപ്പിക്കുന്ന മര്യാദകൾ പാലിക്കുക. ഇതിൽ പ്രധാനം മൂന്നെണ്ണമാണ്; ബിസ്മി ചൊല്ലുക, തിരുനബി(സ്വ) പഠിപ്പിച്ച ദിക്റ് ചൊല്ലുക, നഗ്നത കാണിക്കാതിരിക്കുക. കുട്ടികളുടെ മേലിൽ പൈശാചിക സ്വാധീനം ഇല്ലാതിരിക്കാൻ ഇവ ഏറെ ഉപകാരപ്രദമാണ് (അഅ്റാഫ് 27).

ذكر ابن جرير فى " تهذيب الآثار " أن النبى صلى الله عليه وسلم قال " إذا جامع الرجل امرأته ولم يسم انطوى الشيطان إلى إحليله فيجامع معه "  وَعَنِ ابْنِ عَبَّاسٍ – رَضِيَ اَللَّهُ عَنْهُمَا– قَالَ : قَالَ رَسُولُ اَللَّهِ – صلى الله عليه وسلم – – لَوْ أَنَّ أَحَدَكُمْ إِذَا أَرَادَ أَنْ يَأْتِيَ أَهْلَهُ قَالَ : بِسْمِ اَللَّهِ اَللَّهُمَّ جَنِّبْنَا اَلشَّيْطَانَ وَجَنِّبِ الشَّيْطَانَ مَا رَزَقْتَنَا ; فَإِنَّهُ إِنْ يُقَدَّرْ بَيْنَهُمَا وَلَدٌ فِي ذَلِكَ , لَمْ يَضُرَّهُ اَلشَّيْطَانُ أَبَدًا" – مُتَّفَقٌ عَلَيْهِ.  قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " إِذَا أَتَى أَحَدُكُمْ أَهْلَهُ فَلْيَسْتَتِرْ، وَلَا يَتَجَرَّدَانِ تَجَرُّدَ الْعِيرَيْنِ " (حديث ضعيف)  اي الحمارين.

**(വിഷയത്തിന്റെ തുടർച്ച അടുത്ത ആഴ്ച.)**

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in,www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/